


# PRIME NEWS ANALYSIS

## Malayalam

**ACHARYA**

An influential mentor

www.acharyainfo.com AcharyaIAS.Academy

# 'സാർക്കി'ന്റെ പ്രാധാന്യം

ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയാണ് സാർക്ക്. ലോകത്തിലെ മൊത്തം ഭൂപ്രദേശത്തിന്റെ 3 ശതമാനവും ജനസംഖ്യയുടെ 21 ശതമാനവും സാർക്ക് രാജ്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

## സാർക്കിന്റെ ചരിത്രം

1979'ൽ യു.എസ്.എസ്.ആർ അഫ്ഗാനിസ്ഥാൻ കയ്യടക്കിയതോടെ ദക്ഷിണേഷ്യയിലെ സുരക്ഷാ വിഷയത്തിൽ ആശങ്കകൾ വന്നുതുടങ്ങി. ഈ സാഹചര്യത്തിൽ 1981ൽ 7 രാജ്യങ്ങളുടെ വിദേശകാര്യമന്ത്രിമാർ കൊളോമ്പോയിൽ ഒത്തുചേരുകയും അവിടെവെച്ച് ദക്ഷിണേഷ്യയുടെ സുരക്ഷയുമായി ബന്ധപ്പെട്ടതും വ്യാപാരവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയെന്ന നിലക്ക് ഒരു സംഘടന രൂപീകരിക്കാൻ ബംഗ്ലാദേശിന്റെ ഭാഗത്തു നിന്നും നിർദ്ദേശം വരുകയും ചെയ്തു. ആദ്യഘട്ടത്തിൽ ഇന്ത്യയും പാകിസ്താനുമൊഴികെ ബാക്കി രാജ്യങ്ങളെല്ലാം അതിനെ പിന്തുണക്കുകയും പിന്നീട ഇന്ത്യയും പാകിസ്ഥാനും പിന്തുണക്കുന്ന സാഹചര്യം വരുകയും ചെയ്തു.

ACHARYA
An influential mentor

ഈ ഏഴ് രാജ്യങ്ങൾ പിന്നീട 1983'ൽ ഢാക്കയിൽ ഒത്തുകൂടുകയും 'സാർക്ക്' ഔദ്യോഗികമായി രൂപീകരിക്കുകയും ചെയ്തു. ഇതേ യോഗത്തിൽവെച്ച് സാർക്ക് അംഗരാജ്യങ്ങൾ പരസ്പരം സഹകരിക്കേണ്ടതായ അഞ്ച് മേഖലകൾ തീരുമാനിക്കുകയും ചെയ്തു. അവ:

- കൃഷി
- ഗ്രാമവികസനം
- വാർത്താവിനിമയം
- കാലാവസ്ഥാപഠനം

- ആരോഗ്യവും ജനസംഖ്യയുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എന്നിവയാണ്

## സാർക്കിന്റെ ലക്ഷ്യങ്ങൾ

- ദക്ഷിണേഷ്യയിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുകയും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക.

- മേഖലയുടെ സാമ്പത്തിക വളർച്ചയും, സാമൂഹിക വികസനവും, സാംസ്കാരിക വികസനവും, ഉറപ്പുവരുത്തുക.

- ദക്ഷിണേഷ്യയുടെ സ്വയംപര്യാപ്തത

- പരസ്പരധാരണയും വിശ്വാസവും വളർത്തുക.

- മറ്റു മേഖലയിലെ വികസ്വര രാജ്യങ്ങളുമായുള്ള സഹകരണം.

ACHARYA
An influential mentor

## സർക്കിന്റെ പ്രാധാന്യം

- മേഖലയിലെ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരസ്പരം ചർച്ചയിലൂടെ പരിഹരിക്കാൻ സാധിക്കാതെ പോകുമ്പോൾ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാനുള്ള വേദിയായി സാർക്ക് നിലകൊള്ളുന്നു.

- കാലാവസ്ഥാവ്യതിയാനം, ഭക്ഷ്യസുരക്ഷ, കോവിഡ് മഹാമാരി തുടങ്ങിയ വിഷയങ്ങളിലെ പരസ്പര സഹകരണം.

- ദാരിദ്ര്യം, നിരക്ഷരത, പോഷകക്കുറവ്, പ്രകൃതി ദുരന്തങ്ങൾ, വ്യവസായികവും സാങ്കേതികപരവുമായ പിന്നോക്കാവസ്ഥ, തുടങ്ങി സാർക്ക് രാജ്യങ്ങൾ നേരിടുന്നത് ഒരേ പ്രശ്നങ്ങളാണ്.

## സാർക്കിന്റെ വെല്ലുവിളികൾ

- പരസ്പര സ്പർദ - ഇന്ത്യയും പാകിസ്ഥാനുമുൾപ്പെടെ സാർക്കിലെ പല അംഗ രാജ്യങ്ങളും തമ്മിൽ അതിർത്തി തർക്കമുൾപ്പെടെയുള്ള വിഷയങ്ങൾ നിലനിൽക്കുന്നു.

- ഇതുവരെ സമഗ്രമായ ഒരു വ്യാപാര കരാർ ഉണ്ടാക്കാൻ 'സാർക്കി'ന് സാധിച്ചിട്ടില്ല.

- ഇന്ത്യ-പാകിസ്ഥാൻ പ്രശ്നങ്ങൾ - സംഘടനയിലെ ഏറ്റവും ശക്തമായ രണ്ടു അംഗ രാജ്യങ്ങളാണ് ഇന്ത്യയും പാകിസ്ഥാനും.അത് കൊണ്ട് തന്നെ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾ സംഘടനയുടെ വളർച്ചയ്ക്ക് തടസമാകുന്നു. പത്തൊമ്പതാമത് സാർക് ഉച്ചകോടി 2016 ൽ പാകിസ്ഥാനിൽ വെച്ച് നടക്കേണ്ടതായിരുന്നു.എന്നാൽ ഇന്ത്യയിൽ നടന്ന ഭീകരാക്രമണത്തെ തുടന്ന് ഇന്ത്യ ഉച്ചകോടി ബഹിഷ്കരിക്കുകയും പിന്നീട് ശ്രീലങ്കയും ഭൂട്ടാനും അഫ്ഘാനിസ്ഥാനും മാലിദ്വീപും ബംഗ്ലദേശും സമ്മേളനം ബഹിഷ്കരിക്കുകയും ചെയ്തു.

## ഇന്ത്യയെ സംബന്ധിച്ചിടത്തോളം സാർക്കിന്റെ പ്രാധാന്യം.

- ഇന്ത്യയുടെ വിദേശനായതിന്റെ പ്രധാനപ്പെട്ട ഭാഗമാണ് 'അയൽക്കാർ ആദ്യം' എന്ന നയം. സംഘടനയിലെ അംഗങ്ങളെല്ലാം തന്നെ ഇന്ത്യയുടെ അയൽ രാജ്യങ്ങളാണ്.

- മേഖലയിലെ രാജ്യങ്ങളിൽ ചൈനയ്ക്കുള്ള സ്വാധീനം ചെറുക്കൻ 'സാർക്' ഇന്ത്യയ്ക്കു ഉപകാരപ്രദമാകും.

- മേഖലയിൽ സമാധാനവും സുരക്ഷയും ഉറപ്പു വരുത്താൻ 'സാർക്' സഹായിക്കും. രാജ്യത്തിന്റെ വളർച്ചയ്ക്ക് മേഖലയിലെ സമാധാനവും സുരക്ഷയും ആവശ്യമാണ്.

- സാർക്കിലെ അംഗരാജ്യങ്ങളെല്ലാം തന്നെ സാമ്പത്തികപരമായും സൈനികപരമായും സാങ്കേതികപരമായും ഇന്ത്യയേക്കാൾ പിറകിൽ നിൽക്കുന്നവയാണ്.അതുകൊണ്ടുതന്നെ 'സാർക്' വഴിയുള്ള ഇടപെടലുകളിലൂടെ മേഖലയിലെ നേതൃത്വപാടവം തെളിയിക്കാൻ ഇന്ത്യയ്ക്കു സാധിക്കും.

ACHARYA
An influential mentor